**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3660** **02-03-2023 - ൽ മറുപടിയ്ക്ക്**

**വിരമിച്ചവർക്കുള്ള ആനുകൂല്യവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി യുടെ വരുമാനത്തിന്റെ 10% വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി മാറ്റിവയ്ക്കണമെന്ന കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര തുക മാറ്റി വച്ചെന്നും ഇത് ആകെ വരുമാനത്തിന്റെ എത്ര ശതമാനം ആയിരുന്നു എന്നും വ്യക്തമാക്കുമോ; | (എ) | റിട്ട് അപ്പീൽ 289/2001 അനുബന്ധ കേസുകളിലുമായി പെൻഷനുവേണ്ടി ദിവസ വരുമാനത്തിന്റെ 10% നീക്കിവയ്ക്കണമെന്നുള്ള ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ കോർപ്പറേഷന്റെ നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ദൈനംദിന ചെലവുകൾക്കായി ടി അക്കൗണ്ടിൽ നിന്നുമുൾപ്പെടെയുള്ള തുക വിനിയോഗിക്കേണ്ടി വരുന്നുണ്ട്. എന്നാൽ, RP 1130/2022-ലും അനുബന്ധ കേസുകളിലും ടി കോർപ്പസ് ഫണ്ട് പുനഃസ്ഥാപിക്കാൻ നിർദേശിച്ചിട്ടുണ്ട്.<br><br>മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പെൻഷൻ ആനുകൂല്യ വിതരണത്തിനായി മാറ്റിവെച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ) |

| | |
|---|---|
| 2016-17 | 145.96 |
| 2017-18 | 156.11 |
| 2018-19 | 108.57 |
| 2019-20 | 99.83 |
| 2020-21 | 58.92 |
| 2021-22 | 116.26 |
| 2022-23 (01/2023 വരെ) | 170.91 |
| ആകെ | 856.56 |

മേൽപ്പറഞ്ഞ പ്രകാരം പ്രതിവർഷം വരുമാനത്തിന്റെ ഏകദേശം 7%-ത്തോളം തുക പെൻഷൻ ആനുകൂല്യ വിതരണത്തിനായി മാറ്റിവയ്ക്കുന്നുണ്ട്.

ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2001 കാലയളവ് മുതൽ പ്രതിദിന വരുമാനത്തിന്റെ 10% തുക പെൻഷൻ ആനുകൂല്യ

| | | | |
|---|---|---|---|
| | | | വിതരണത്തിനായി മാറ്റിവയ്ക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കോർപ്പറേഷന്റെ 6 യൂണിറ്റുകളിലെ കളക്ഷൻ തുക ഒരു പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച് പെൻഷൻ ആനുകൂല്യങ്ങൾ മുടക്കം കൂടാതെ നൽകി വന്നിരുന്നു. നിലവിൽ (11/2021 മുതൽ) 10 യൂണിറ്റുകളുടെ വരുമാനം ടി ആവശ്യത്തിലേക്കായി പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നുണ്ട്. |
| (ബി) | മേല്പറഞ്ഞ പ്രകാരം തുക മാറ്റി വച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; പ്രസ്തുത കുടിശ്ശിക ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുവേണ്ടി ബഹു. ഹൈക്കോടതി നിർദ്ദേശാനുസരണം പ്രതിദിന വരുമാനത്തിന്റെ 10% തുക മറ്റൊരു പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുകയും, ടി തുക ഉപയോഗിച്ച് പെൻഷൻ ആനുകൂല്യ വിതരണം നൽകി വരുന്നുമുണ്ടായിരുന്നു. എന്നാൽ കോവിഡ് മഹാമാരിക്കുശേഷം സർവ്വീസുകൾ പുനരാരംഭിച്ചെങ്കിലും വരുമാനത്തിലുണ്ടായ ഗണ്യമായ ഇടിവ്, സർക്കാർ സാമ്പത്തിക സഹായത്തിൽ വന്ന കുറവ്, ഇന്ധന വിലവർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ ശമ്പളംപോലും വിതരണം ചെയ്യാൻ സാധിക്കാത്ത കടുത്ത സാമ്പത്തിക പ്രതിസന്ധി ഉടലെടുക്കുകയുണ്ടായി. ടി പ്രതിസന്ധി ഘട്ടത്തിൽ പെൻഷൻ ആനുകൂല്യ വിതരണത്തിനായി മാറ്റിവച്ച ഫണ്ടിൽ നിന്നുപോലും അടിയന്തരാവശ്യങ്ങൾക്കായി തുക വകമാറ്റേണ്ടി വന്നതിനാൽ വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല.<br><br>നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച ജീവനക്കാരിൽ നിന്നും പെൻഷൻ വിതരണ നടപടികൾ പൂർത്തീകരിച്ച ജീവനക്കാരുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യ വിതരണത്തിനായി ഏകദേശം 79.04 കോടി രൂപയോളം വേണ്ടിവരും. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ ഇത്രയും തുക ഒറ്റത്തവണയായി വിതരണം ചെയ്യുന്നത് അസാധ്യമായതിനാൽ, പെൻഷൻ ആനുകൂല്യങ്ങൾ ഗഡുക്കളായി വിതരണം ചെയ്യാൻ അനുവദിക്കണമെന്ന് കാട്ടി കോർപ്പറേഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനക്കായി ഹർജി സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിന്മേൽ വിരമിച്ച ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വീതം ആദ്യ ഘട്ടത്തിൽ അനുവദിക്കാൻ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അടിയന്തിരമായി അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മാത്രമല്ല ടി ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ അന്തിമ |

| | | | |
|---|---|---|---|
| | | | തീർപ്പനുസരിച്ച് മാത്രമേ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ പൂർണ്ണമായും എന്ന് വിതരണം ചെയ്യാൻ സാധിക്കും എന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ